## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്കായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എസ്.2-88500/14/ആ.വ.ഡ., തീയതി 28/06/2015.
2 ഈ ഓഫീസിലെ 05/11/2018 -ലെ ഇതേ നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 13/02/2019 -ലെ ഇതേ നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ ഇ.ഡി1-03/2018/ആ.വ.ഡ.,തീയതി: 30/03/2019.

പരാമർശം ഉത്തരവ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ക്ലാർക്കുമാരുടെ 01/01/2009 മുതൽ 31/12/2013 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട അക്കൗണ്ട് ടെസ്റ്റ് പാസായ പരിവീക്ഷണകാലം പൂർത്തിയാക്കിയ 351(എ) റാങ്ക് വരെയുള്ള ക്ലാർക്കുമാർക്ക് പരാമർശം (2) പ്രകാരം സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. എന്നാൽ റാങ്ക് നം. 219 ആയ ശ്രീമതി പ്രിൻസി എ., റാങ്ക് നം. 231 ആയ ശ്രീ. സരുൺ എസ്. ആർ. എന്നിവർ പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിരുന്നില്ല എന്ന് കാണിച്ച് അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നു. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുണ്ടെന്ന് ബോധ്യപ്പെട്ടു. ടി സാഹചര്യത്തിൽ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടെസ്റ്റ് യോഗ്യത ആർജ്ജിച്ച പരിവീക്ഷണകാലം പൂർത്തിയാക്കിയ അച്ചടക്ക നടപടി നിലവിലില്ലാത്ത ക്ലാർക്കുമാരെ 25,200-54,000 ശമ്പള സ്കെയിലിൽ റൂൾ 31 (എ) (ഐ) പാർട്ട് (2) കെ.എസ്.ആന്റ്എസ്.എസ്.ആർ. പ്രകാരം 05/11/2018 തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ സീനിയർ ക്ലാർക്കുമാരായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | റാങ്ക് നം. | സീനിയോറിറ്റി ലിസ്റ്റ് | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീമതി പ്രിൻസി എ. പുതുപ്പരിയാരം കുടുംബാരോഗ്യ കേന്ദ്രം, പാലക്കാട് | 219 | 2009-13 | |
| 2. | ശ്രീ. സരുൺ എസ്. ആർ. പി.എച്ച്.സി. ചെമ്പൂർ, തിരുവനന്തപുരം | 231 | 2009-13 | കെ.എസ്. & എസ്.എസ്. ആർ13(എ) പ്രകാരം യോഗ്യതാ പരീക്ഷയിൽ താൽക്കാലിക ഇളവ്. ഈ ഉത്തരവ് തീയതി മുതൽ 3 വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടേണ്ടതാണ് |

അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ തുടരാവുന്നതാണ്.

സീനിയർ ക്ലാർക്കുമാരായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയ മേൽ പട്ടികയിലെ ജീവനക്കാരെ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.



GOVERNMENT OF KERALA 2017-18
1244

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ
2. പേര്
3. ജനന തീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി.
5. എ.ഒ.പി. അക്കൗണ്ട് ടെസ്റ്റ് എന്നിവയുടെ സർട്ടിഫിക്കറ്റ്.

എല്ലാ സ്ഥാപന മേധാവികളും സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജോലിയിൽ പ്രവേശിച്ച തീയതി അടിയന്തിരമായി ഓഫീസിൽ അറിയിക്കേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

എല്ലാ സ്ഥാപന മേധാവികളും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ്, ഓപ്ഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സിഎ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം).
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-30/03



GOVERNMENT OF KERALA 2017-18